കെ.പി. തങ്ങൾ

50-ാം ചരമവാർഷികം

Centre Educational Association
Acc. No. 14387
Angadipuram Heritage Library











2019 സെപ്തംബർ 17 ചൊവ്വാഴ്ച

രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ

OPH കൺവെൻഷൻ സെന്റർ (ബ്ലൂം കാസ്റ്റിൽ), ആമയൂർ - പട്ടാമ്പി

അനുസ്മരണ സമ്മേളനം ◆ സെമിനാർ ◆ അവാർഡ് ദാനം

ബഹുമാന്യരേ,

പഴയ വള്ളുവനാടിന്റെ, ഒറ്റപ്പാലം താലൂക്കിന്റെ രാഷ്ട്രീയ, സാമൂഹ്യ ചരിത്രത്തിനൊപ്പം സഞ്ചരിച്ച മഹത് വ്യക്തിത്വത്തിനുടമയായിരുന്നു ജനാബ് കെ.പി തങ്ങൾ.

പട്ടാമ്പി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഉന്നതനായ കോൺഗ്രസ്സ് നേതാവ്, സുഹൃവര്യനായിരുന്ന ആലൂർ വലിയ പൂക്കുഞ്ഞിക്കോയ തങ്ങളുടെ പൗത്രൻ, പട്ടാമ്പിയുടെ വികസന പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ച വ്യക്തി തുടങ്ങി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഒരു കാലഘട്ടത്തിലെ ഇതിഹാസമായിരുന്ന അദ്ദേഹം നിര്യാതനായിട്ട് 50 വർഷം തികയുകയാണ്.

അദ്ദേഹത്തിന്റെ 50-ാം ചരമ വാർഷികത്തോടനുബന്ധിച്ച് 2019 സെപ്റ്റംബർ 17 ചൊവ്വാഴ്ച **OPH** കൺവെൻഷൻ സെന്റർ (ബ്ലൂം കാസ്റ്റിൽ), ആമയൂർ - പട്ടാമ്പിയിൽ വെച്ച് കാലത്ത് 10.00 മണി മുതൽ നടത്തുന്ന അനുസ്മരണ സമ്മേളനത്തിലും സെമിനാറിലും സമാപനസമ്മേളനത്തിലും പങ്കെടുക്കുവാൻ എല്ലാവരോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,
വിധേയർ

സി.പി മുഹമ്മദ്, Ex. MLA
ചെയർമാൻ, സ്വാഗത സംഘം
&
കെ.പി.സി.സി എക്സി. അംഗം

പി.കെ. മുണ്ടിക്കൃഷ്ണൻ മാസ്റ്റർ
ജനറൽ കൺവീനർ, സ്വാഗതസംഘം
&
ഡി.സി.സി ജനറൽ സെക്രട്ടറി

കമ്മുക്കുട്ടി എടമുഗൾ
ട്രഷറർ, സ്വാഗത... സംഘം
&
ഡി.സി.സി ജനറൽ സെക്രട്ടറി

DE
239.41092
KPT



സന്ദേശം

പ്രമുഖ കോൺഗ്രസ് നേതാവും, സാമൂഹ്യ പ്രവർത്തകനുമായിരുന്ന ശ്രീ. കെ.പി.തങ്ങൾ ഓർമ്മയായിട്ട് 50 വർഷം തികയുന്ന ഈ അവസരത്തിൽ പട്ടാമ്പിയിൽ വെച്ച് ഒരു അനുസ്മരണ സമ്മേളനം നടത്തുവാൻ തീരുമാനിച്ചത് എന്തുകൊണ്ടും വളരെ ഉചിതമായി.

ശ്രീ. കെ.പി. തങ്ങളുടെ ദീപ്തമായ സ്മരണ നിലനിർത്തുന്നതിനു വേണ്ടി ഒരു ഇൗടുറ്റ സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്ന കാര്യവും സ്വാഗതാർഹമാണ്.

അനുസ്മരണ സമ്മേളനത്തിനും, സ്മരണിക പ്രസിദ്ധീകരണ സംരംഭത്തിനും എല്ലാ ഭാവുകങ്ങളും നേരുന്നതിനോടൊപ്പം ശ്രീ. കെ.പി. തങ്ങളുടെ പാവനസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

Cross Educational Association
Acc. No
14365
Manjalia Heritage Library

ആദരപൂർവ്വം,

എ.കെ. ആന്റണി

തിരുവനന്തപുരം
09.09.2019

സന്ദേശം

To,
ശ്രീ.സി.പി.മുഹമ്മദ്,
ചെയർമാൻ, സ്വാഗതസംഘം



പഴയ വള്ളുവനാട് താലൂക്കിലെ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. കെ.പി. തങ്ങളുടെ അമ്പതാം ചരമ വാർഷികത്തോടനുബന്ധിച്ച് 2019 സപ്തംബർ 17 ന് പട്ടാമ്പിയിൽ നടത്തുന്ന അനുസ്മരണ പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നതോടൊപ്പം അദ്ദേഹത്തിന്റെ സ്മരണക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

എന്ന്,

മുല്ലപ്പള്ളി രാമചന്ദ്രൻ
കെപിസിസി പ്രസിഡണ്ട്

Mappila Heritage Library

സന്ദേശം

To,
ശ്രീ.സി.പി.മുഹമ്മദ്,
ചെയർമാൻ, സ്വാഗതസംഘം



പ്രമുഖ കോൺഗ്രസ്സ് നേതാവും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വത്തിന് ഉടമയുമായിരുന്ന ശ്രീ കെ.പി.തങ്ങൾ നിര്യാതനായി 50 വർഷം തികയുന്നതിനോടനുബന്ധിച്ച് 2019 സപ്തമ്പർ 17 ന് പട്ടാമ്പിയിൽ അനുസ്മരണ സമ്മേളനം നടക്കുന്നതായി അറിയുന്നു. അദ്ദേഹത്തിന്റെ ധന്യമായ സ്മരണക്കു മുൻപിൽ ഞാൻ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

എന്ന്,

രമേശ് ചെന്നിത്തല
പ്രതിപക്ഷ നേതാവ്, കേരളം










കാര്യപരിപാടികൾ

രാവിലെ 10.00 സ്വാഗതം : ശ്രീ. പി.കെ ഉണ്ണികൃഷ്ണൻ മാസ്റ്റർ,
ഡി.സി.സി ജനറൽ സെക്രട്ടറി, ജനറൽ കൺവീനർ, സ്വാഗത സംഘം

ആമുഖ പ്രഭാഷണവും
പ്രാർത്ഥനയും : **ജനാബ് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ**
അദ്ധ്യക്ഷൻ : സി.പി മുഹമ്മദ് മുൻ എം.എൽ.എ
ചെയർമാൻ സ്വാഗതസംഘം

ഉദ്ഘാടനവും
അവാർഡ് ദാനവും : ശ്രീ. **ഉമ്മൻ ചാണ്ടി (ബഹു. മുൻ മുഖ്യമന്ത്രി)**
എ.ഐ.സി.സി ജനറൽ സെക്രട്ടറി

അനുസ്മരണ പ്രഭാഷണം : ശ്രീ. **കെ. ശങ്കരനാരായണൻ,**
സീനിയർ കോൺഗ്രസ്സ് നേതാവ്, മഹാരാഷ്ട്ര മുൻ ഗവർണ്ണർ

പ്രസംഗം : ശ്രീ. വി.കെ. ശ്രീകണ്ഠൻ, എംപി പാലക്കാട്,
ഡി.സി.സി പ്രസിഡന്റ്, പാലക്കാട്.
: ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ, എംപി, പൊന്നാനി
: ശ്രീ. കെ.ഇ ഇസ്മയിൽ, മുൻ മന്ത്രി, സി.പി.ഐ
: ശ്രീ. സി.അച്യുതൻ, സി.പി.ഐ.എം ലീഡർ
: ശ്രീ. എൻ.ശിവരാജൻ, ബി.ജെ.പി സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്
: ശ്രീ. മുഹമ്മദ് മുഹ്സിൻ, എംഎൽഎ, പട്ടാമ്പി
: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എംഎൽഎ കോട്ടക്കൽ
: ശ്രീ. എൻ. ഷംസുദ്ധീൻ, എംഎൽഎ, മണ്ണാർക്കാട്
: ശ്രീ. ഷാഫി പറമ്പിൽ, എംഎൽഎ, പാലക്കാട്
: ശ്രീ. സി.എ.എംഎ കരീം സാഹിബ്
ഐ.യു.എംഎൽ. സംസ്ഥാന വൈസ് പ്രസിഡന്റ്











: ശ്രീ. വി.എസ് വിജയരാഘവൻ, മുൻ എംപി. മുൻ ഡി.സി.സി പ്രസിഡന്റ്




: ശ്രീ. എ.വി ഗോപിനാഥ്, മുൻ എംഎൽഎ. മുൻ ഡി.സി.സി പ്രസിഡന്റ്
: ശ്രീ. സി.വി. ബാലചന്ദ്രൻ, മുൻ ഡി.സി.സി പ്രസിഡന്റ്
: ശ്രീ. വി.സി കബീർ മാസ്റ്റർ, മുൻ മന്ത്രി
: ശ്രീ. കെ.എ ചന്ദ്രൻ, മുൻ എംഎൽഎ
: ശ്രീ. കെ. അച്ചുതൻ, മുൻ എംഎൽഎ
: ശ്രീ. കളത്തിൽ അബ്ദുള്ള, മുൻ എംഎൽഎ. മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ്
: ശ്രീ. പി.ജെ പൗലോസ്, കെ.പി.സി.സി സെക്രട്ടറി
: ശ്രീ. സി. ചന്ദ്രൻ, കെ.പി.സി.സി സെക്രട്ടറി
: ശ്രീ. എ. രാമസ്വാമി, യു.ഡി.എഫ് ജില്ലാ ചെയർമാൻ
: ശ്രീമതി. കെ.എ. തുളസി, എ.ഐ.സി.സി. മെമ്പർ



നന്ദി

: ശ്രീ. കമ്മുക്കുട്ടി എടത്തോൾ
ഡി.സി.സി ജനറൽ സെക്രട്ടറി, ട്രഷറർ സ്വാഗത സംഘം

വേദിയിലെ മഹനീയ സാന്നിദ്ധ്യം

: ശ്രീ. കെ.വി മരക്കാർ, തൃത്താല സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്
: അഡ്വ. എം.പി. ഉദയവർമ്മൻ
: ശ്രീ. എൻ. പി വിനയകുമാർ, ഏരിയ സെക്രട്ടറി സി.പി.ഐ.എം
: ശ്രീ. മരക്കാർ മാരായമംഗലം, ജനറൽ സെക്രട്ടറി, ഐ.യു.എം.എൽ
: ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
: ഡോ. കെ. ഉണ്ണികൃഷ്ണൻ
: ശ്രീ. ഇ.പി ശങ്കരൻ, ഏരിയ സെക്രട്ടറി.സി.പി.ഐ
: ശ്രീ. കെ.പി.സി തങ്ങൾ,
ജില്ലാ പ്രസിഡണ്ട്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, പാലക്കാട്
: ഡോ. മുഹമ്മദ് കുട്ടി, പട്ടാമ്പി വികസന സമിതി
: ശ്രീ. കെ.പി.അജയകുമാർ, പ്രസിഡന്റ്, പട്ടാമ്പി സർവീസ് സഹകരണ ബാങ്ക്
: ശ്രീ. പി.എ തങ്ങൾ, മുസ്ലിം ലീഗ് ട്രഷറർ പാലക്കാട് ജില്ല
: ശ്രീ. എംഎ സമദ്, യൂത്ത് ലീഗ് സംസ്ഥാന ട്രഷറർ
: ശ്രീ. സെയ്തിദ് ഹാഷിം ഹദ്ദാദ് തങ്ങൾ, പൊന്നാനി
: ശ്രീ. കെ.പി. വാപ്പുട്ടി, പ്രസിഡണ്ട്, മുസ്ലിം ലീഗ് പട്ടാമ്പി നിയോജകമണ്ഡലം
: ശ്രീ. സി. അബ്ദുൾ സലാം, പ്രസിഡന്റ്, വല്ലുഴേ സർവീസ് സഹകരണ ബാങ്ക്
: ശ്രീ. ടി.എച്ച്. ഫിറോസ് ബാബു, ഐശ്വര്യ പാലക്കാട് പാർലമെന്റ് പ്രസിഡന്റ്
: ഡോ. കെ.പി. അബൂബക്കർ, എം.ഇ.എസ്. സംസ്ഥാന വൈസ് പ്രസിഡണ്ട്
: സയ്യിദ് ലുക്മാൻ തങ്ങൾ ഹദ്ദാദ്
: ശ്രീ. എംവി ഭാസ്കര വാര്യർ
: ശ്രീ. എൻ. പരീക്കുട്ടി ഹാജി
: ശ്രീ. കെ.വി സൈദ് മുഹമ്മദ്, തൃത്താല മുൻ പഞ്ചായത്ത് പ്രസിഡണ്ട്
: ശ്രീ.കെ.ആർ. ഗോപാല കൃഷ്ണൻ, പ്രസിഡന്റ്, ബ്രാഹ്മണസഭ, പട്ടാമ്പി
: ശ്രീ. മുല്ലക്കോയ തങ്ങൾ, ഞാങ്ങാട്ടിരി
: ശ്രീ. കെ.ഇ.എ തങ്ങൾ, ഞാങ്ങാട്ടിരി

: ശ്രീ. കിരാതമൂർത്തി, അണ്ടലാടി മന
: ജനാബ് മാനു മുസ്ലിയാർ, ഖത്വീബ്, പട്ടാമ്പി ടൗൺ ജുമാമസ്ജിദ്
: ജനാബ് പുക്കോയ തങ്ങൾ, പട്ടാമ്പി
: ജനാബ് മുത്തുക്കോയ തങ്ങൾ, വല്ലപ്പുഴ
: ശ്രീ. എം. രാജഗോപാലമേനോൻ
: ശ്രീ. എൻ. ഉണ്ണികൃഷ്ണൻ, സി.പി.ഐ.എം. ജില്ലാ കമ്മിറ്റി അംഗം
: ശ്രീ. പുക്കാട്ടിരി ബാബു, ബി.ജെ.പി. സംസ്ഥാന നിർവ്വാഹക സമിതി അംഗം
: ശ്രീ. കെ.എം. ഹരിദാസ്, ബി.ജെ.പി. നിയോജകമണ്ഡലം പ്രസിഡണ്ട്, പട്ടാമ്പി
: ശ്രീ. പി.ശിവദാസ്, പി.എസ്.സി. മുൻ മെമ്പർ
: ശ്രീമതി. സി സംഗീത, കെ.പി.സി.സി മെമ്പർ
: ശ്രീ. മുഹമ്മദ് കമാൽ
: ശ്രീ. വിശ്വനാഥൻ പി.എം
: ശ്രീ. വി.കെ ചേക്കാമു മാസ്റ്റർ
: ഡോ. രാജൻ ചുങ്കത്ത്
: ശ്രീ. ടി.പി. ഉസ്മാൻ, പ്രസിഡണ്ട്, ഐ.യു.എം.എൽ. മുൻസിപ്പൽ കമ്മിറ്റി
: ശ്രീ. ബാബു കോട്ടയിൽ, ജില്ലാ പ്രസിഡണ്ട് സംസ്ഥാന സെക്രട്ടറി, KVVES
: ശ്രീ. കെ.എച്ച് ഗഫൂർ, പ്രസിഡന്റ്, ചേമ്പർ ഓഫ് കൊമേഴ്സ്
: ശ്രീ. പീർഷ, വ്യാപാരി വ്യവസായി സമിതി
: ശ്രീ. കെ.സി മണികണ്ഠൻ, വ്യാപാരി കോൺഗ്രസ്സ് & കൗൺസിലർ
: ജനാബ് ലുക്മാൻ മാലവി, പ്രിൻസിപ്പൽ, ജാമിയ റബ്ബാനിയ്യ, പട്ടാമ്പി
: ശ്രീ. വി.പി. ചന്ദ്രൻ, എസ്.എൻ.ഡി.പി. താലൂക്ക് ജനറൽ സെക്രട്ടറി, ഒറ്റപ്പാലം
: ശ്രീ. ആർ.ഗംഗാധരൻ പിള്ള, എൻ.എസ്.എസ്. കരയോഗം പ്രസിഡണ്ട്, പട്ടാമ്പി
: ജനാബ് കെ. ഹൈദരാലി ഫൈസി, ഖത്വീബ് പട്ടാമ്പി ജുമാ മസ്ജിദ്
: ശ്രീ. ആലിക്കൽ അബുബക്കർ ഹാജി
: ശ്രീ. കെ.അപ്പു, ഐ.എൻ.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ്
: ശ്രീ. മനോജ് ചിങ്ങന്നൂർ, ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ്, പാലക്കാട്
: ശ്രീ. സി.എച്ച്. ഷാക്കത്തലി മാസ്റ്റർ, ഡി.സി.സി. വൈസ് പ്രസിഡന്റ്
: ശ്രീ. പി.വി. രാജേഷ്, ഡി.സി.സി. വൈസ് പ്രസിഡന്റ്
: ശ്രീ. എ. സുമേഷ്, ഡി.സി.സി. വൈസ് പ്രസിഡന്റ്
: ജനാബ് സലീം മാഹിരി മണ്ണാർക്കാട്, ഖത്വീബ്, മേലെ പട്ടാമ്പി ജുമാമസ്ജിദ്
: ശ്രീ. കെ.പി. ഹംസ
: ശ്രീ. കട്ടയൻ സുലൈമാൻ റാവുത്തർ
: ശ്രീ. എൻ.കെ. സിറാജുദ്ദീൻ മുസ്ലിയാർ
: ശ്രീ. കെ.ടി. അബ്ബൂറഹ്മാൻ
: ഡോ. പി. അബ്ബൂസലഫി
: ശ്രീ. സി. അബ്ബുൾ സലാം
: ശ്രീ. എ.തങ്കപ്പൻ
: ശ്രീ. തൃപ്പാളൂർ ഗോപി
: ശ്രീ. സെയ്യിദ് അബ്ബുൾ വാഹിദ് മുത്തുകോയ തങ്ങൾ, S/o കെപി [illegible]

ഭക്ഷണം : 12.30 മുതൽ 1.30 വരെ

കെ.പി തങ്ങൾ 50-ാം ചരമദിന സംഘാടക സമിതി - അവാർഡ് ജേതാക്കൾ



ഡോ. ബാലഗോപാലൻ പി.വി.

പട്ടാമ്പിയിലെ ആദ്യകാല പ്രശസ്ത ഡോക്ടർ, പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സയും മരുന്നുവാങ്ങാൻ കാശും നൽകുന്ന മനുഷ്യസ്നേഹി. കെ.പി തങ്ങളുടെ യുവ സുഹൃത്ത്



ശ്രീ. പി. കൃഷ്ണൻ അഭയം

പാവപ്പെട്ടവർക്ക് സ്വന്തമായി അഭയ കേന്ദ്രം ജാതി മത ഭേദമന്യേ പാവപ്പെട്ടവർക്ക് സ്വന്തം സ്വത്തും കുടുംബ സ്വത്തും അഭയകേന്ദ്രമാക്കി ഭക്ഷണവും, വസ്ത്രവും, ചികിത്സയും താമസവും ഒരുക്കി സ്വന്തം ജോലി ദേശസാൽകൃത ബാങ്കിൽ നിന്നും വളണ്ടിയർ റിട്ടയർമെന്റ് ചെയ്ത് സേവനത്തിനായി ഉഴിഞ്ഞ് വെച്ച് ജീവിക്കുന്ന മഹത് വ്യക്തിയാണ്.



കെ. ഡോ. രാമൻ നമ്പീശൻ

പണ്ടുകാലത്തെ ഡോക്ടർമാരെ പോലെ ഇന്നും ഏത് പാതിരാക്കും വീട്ടിൽ ചെന്നാൽ കൂടെ വന്ന് വയസ്സായവരെയും മറ്റുമാത്രമെയ്യാൻ കഴിയാത്ത രോഗിക ളെയും വീട്ടിൽ പോയി ചികിത്സിക്കുന്ന മനുഷ്യ സ്നേഹി. യഥാർത്ഥ ഭിഷഗ്വരൻ എങ്ങിനെയാ യിരിക്കണമെന്നതിന് ഉത്തമ ഉദാഹരണം.



ശ്രീ. സതീശൻ പട്ടാമ്പി

പത്തിരുപത്തുപേരെ സംഘടിപ്പിച്ച് "സംരക്ഷിക" എന്നൊരു കൂട്ടായ്മയുണ്ടാക്കി യായൊരു പ്രചരണവും കാംക്ഷിക്കാതെ പട്ടാമ്പി ഗവ. ആശുപത്രിയിൽ (ഇപ്പോൾ താലൂക്ക് ആശുപത്രി) നീണ്ട 13 വർഷത്തിലധികമായി രോഗികൾക്കും അവരുടെ കൂടെ നിൽക്കുന്നവർക്കും കഞ്ഞിയും ഭക്ഷണവും ഒരു ദിവസംപോലും മുടങ്ങാ തെ നൽകിവരുന്ന സംരക്ഷികയുടെ നേതൃത്വം. നിഷ്കാമ കർമ്മി.

Mappila Heritage Library

ഉച്ചക്ക് 1.30 : സെമിനാർ

ആധുനിക ഭാരതത്തിൽ ജനാധിപത്യവും, മതേതരത്വവും നേരിടുന്ന വെല്ലുവിളികൾ

സ്വാഗതം : ശ്രീ. കെ.ആർ നാരായണ സ്വാമി,
യു.ഡി.എഫ് നിയോജകമണ്ഡലം കൺവീനർ, പട്ടാമ്പി

അദ്ധ്യക്ഷൻ : ശ്രീ. സി.പി മുഹമ്മദ്, മുൻ, എം.എൽ.എ






സെമിനാർ നയിക്കുന്നവർ...

: ശ്രീ. എൻ.കെ പ്രേമചന്ദ്രൻ, എം.പി, കൊല്ലം

: ഡോ. സെബാസ്റ്റ്യൻ പോൾ, Ex. എം.പി.

: ഡോ. ഫസൽ ഗഫൂർ, എം.ഇ.എസ് പ്രസിഡണ്ട്

: ശ്രീ. കെ.എം ഷാജി, എം.എൽ.എ, അഴീക്കോട്

നന്ദി : ശ്രീ. ജിതേഷ് മോഴികുന്നം,
പ്രസിഡന്റ്, ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി, പട്ടാമ്പി

വൈകുന്നേരം 4.30
സമാപന സമ്മേളനം, അവാർഡ് ദാനം

സ്വാഗതം	:	ശ്രീ. എ.പി രാമദാസ് മാസ്റ്റർ, പ്രസിഡന്റ്, ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി, കൊപ്പം
അദ്ധ്യക്ഷൻ	:	ശ്രീ. **സി.പി മുഹമ്മദ്**, മുൻ എംഎൽഎ
ഉദ്ഘാടനം	:	ശ്രീ. **ആര്യാടൻ മുഹമ്മദ്**, മുൻ മന്ത്രി
മുഖ്യാതിഥി	:	ശ്രീ. **രമ്യ ഹരിദാസ്**, എംപി, ആലത്തൂർ
വിദ്യാർത്ഥികളെ ആദരിക്കൽ	:	ശ്രീ. **വി.ടി ബൽറാം**, എംഎൽഎ, തൃത്താല
ആശംസകൾ	:	ശ്രീ. **സി. ഹരിദാസ്**, മുൻ എംപി
	:	ശ്രീ. **വി.എം. മുഹമ്മദലി മാസ്റ്റർ**, പ്രസിഡന്റ്, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്
	:	ശ്രീ. ഇ.ടി ഉമ്മർ പട്ടാമ്പി








നന്ദി	:	ശ്രീ. കെ.എസ്.ബി.എ തങ്ങൾ S/o. കെ.പി തങ്ങൾ, ചെയർമാൻ, പട്ടാമ്പി നഗരസഭ & ഡിസിസി മെമ്പർ പ്രസിഡന്റ്

ദേശീയഗാനം

ജാതി മത ഭാഷാ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യരെ സ്നേഹിക്കാൻ പഠിപ്പിക്കുകയും സ്വന്തം ജീവിതത്തിൽ അത് പ്രാവർത്തികമാക്കുകയും ചെയ്ത ആലൂർ വലിയ പുക്കുഞ്ഞിക്കോയ തങ്ങൾ അവർകളോടുള്ള ആദരവും, ബഹുമാനവും കൊണ്ട് പട്ടാമ്പിയിലെ പൊതു സമൂഹം നെഞ്ചിലേറ്റിയ പട്ടാമ്പി നേർച്ച പിന്നീട് ദേശീയ ഉത്സവമായിയി വളർന്നു.

മഹാനായ പുക്കുഞ്ഞിക്കോയ തങ്ങളുടെ (ഹൈദ്രോസ്) മകൾ സയ്യിദത്ത് ഫാത്തിമ ബീവി ഷരീഫിന്റെ ഏക മകനാണ് സയ്യിദ് അബ്ദുള്ള ബാഹസ്സൻ എന്ന പുക്കുഞ്ഞിക്കോയ തങ്ങൾ (കെ.പി തങ്ങൾ). 01.10.1915 ൽ ജനിച്ച അദ്ദേഹം 26.07.1969 ൽ അന്തരിച്ചു. രണ്ട് സഹോദരിമാരും ഉണ്ടായിരുന്നു. കോയ തങ്ങളകത്ത് സയ്യിദ് അബ്ദുൾ വാഹിദ് മുത്തുക്കോയ തങ്ങൾ (ബാഹസ്സൻ) ആണ് പിതാവ്. പരേതയായ ഫാത്തിമ പുല്ലാനിയാണ് കെ.പി തങ്ങളുടെ സഹധർമ്മിണി.

അന്തരിച്ച പട്ടാമ്പി മുൻ പഞ്ചായത്ത് പ്രസിഡന്റും മുസ്ലിം ലീഗ് പാലക്കാട് ജില്ലാവൈസ് പ്രസിഡന്റുമായിരുന്ന കെ.ഇ തങ്ങൾ, സയ്യിദ് അബ്ദുൽ വാഹിദ് മുത്തുക്കോയ തങ്ങൾ, മുൻ പഞ്ചായത്ത് പ്രസിഡന്റും, ഇപ്പോൾ പട്ടാമ്പി മുനിസിപ്പൽ ചെയർമാനും, പാലക്കാട് ഡി.സി.സി വൈസ് പ്രസിഡന്റുമായ കെ.എസ്.ബി.എ തങ്ങൾ, സയ്യിദ് അബ്ദുൾ ലത്തീഫ് ചെറുകോയ തങ്ങൾ, സയ്യിദത്ത് ഫാത്തിമത്ത് സുഹറ, സയ്യിദ് ശിഹാബുദ്ദീൻ എിവർ മക്കളാണ്.

ഓർമ്മക്കുറിപ്പുകൾ

ഇ.എംഎസ്സും, കെ.പി തങ്ങളും, ഇ.പി ഗോപാലനും

പട്ടാമ്പിയുടെ ചരിത്രത്തിലെ പ്രശസ്ത പേരുകളാണ് ഇ.എംഎസ്സും കെ.പി. തങ്ങളും ഇ.പി. ഗോപാലനും. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയായി ഇ.എംഎസ്സും കെ.പി തങ്ങളും ഇപി ഗോപാലനും വളരെ അടുത്ത ബന്ധമാണ് പുലർത്തിയിരുന്നത് പിന്നീട് പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.യിൽ തന്നെ നിന്ന കെ.പി.തങ്ങൾ മാർക്സിസ്റ്റ് പാർട്ടിക്കെതിരെ സി.പി.ഐ.യുടെ തന്നെ സ്ഥാനാർത്ഥിയായി ഇ.എംഎസ് നെതിരെ മത്സരിച്ചതും ചരിത്രം കെ.പി തങ്ങളുടെ മരണത്തിന് ശേഷം പട്ടാമ്പിയിൽ വന്ന മുഖ്യമന്ത്രിയായിരുന്ന ഇ.എംഎസ് പൊതുയോഗത്തിൽ കെ.പി. തങ്ങൾ നാടിന് നൽകിയ സേവനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തുന്നതിൽ വഹിച്ച വലിയ പങ്ക് അനുസ്മരിച്ച് കൊണ്ടാണ് തന്റെ പ്രസംഗം ആരംഭിച്ചത്. 1954 മുതൽ 1967 വരെ തങ്ങൾ ഇടതുപക്ഷത്തോടൊപ്പമായിരുന്നു. പട്ടാമ്പി യെ രൂപപ്പെടുത്തുന്നതിൽ കെ.പി തങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പട്ടാമ്പിയുടെ കിരീടം വെക്കാത്ത രാജാവായിരുന്നു കെ.പി. തങ്ങൾ.

കെ.പി തങ്ങളും ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സും

1967ൽ അന്നത്തെ കെ.പി.സി.സി പ്രസിഡന്റ് അബ്രഹാം മാസ്റ്റർ കെ.പി തങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. പിന്നീട് ടി.ഒ. ബാവ സാഹിബ് കെ.പി.സി.സി പ്രസിഡന്റായി ആകെ കെ.പി.സി.സി.ക്ക് രണ്ട് ജനറൽ സെക്രട്ടറിമാർ. മുൻ ഗവർണ്ണർ കെ. കെ. വിശ്വനാഥൻ വക്കീൽ മഹാരാഷ്ട്ര മുൻ ഗവർണ്ണർ കെ.ശങ്കരനാരായണൻ എന്നിവർ. ട്രഷറർ കെ.സി.എം. മേത്തർ, മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, പി. ബാലൻ മുൻ എംഎൽഎ. തുടങ്ങിയവരോടൊക്കെ നല്ല ബന്ധമായിരുന്നു. കെ.പി തങ്ങൾക്ക് ഇവരുമായി ഉള്ള കൂടിക്കാഴ്ച്ചകളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രണ്ടായിപോയതിലുള്ള അമർഷവുമൊക്കെ കെ.പി തങ്ങളെ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസിലേക്ക് അടുപ്പിച്ചു. അന്ന് യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് എ.കെ ആന്റണിയും കെ.എസ്.യു പ്രസിഡന്റ് ഉമ്മൻചാണ്ടിയും വി.എം സുധീരൻ കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ്. കെ.പി തങ്ങളുടെ മരണ വാർത്ത അറിഞ്ഞ് കെ.പി.സി.സി പ്രസിഡന്റ് ഉൾപ്പടെയുള്ളവർ അന്ത്യോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. വി.എം സുധീരൻ അനുശോചന യോഗത്തിലും പങ്കെടുത്തു. അന്ന്

കെ.പി തങ്ങളും എം.പി ഗോവിന്ദമേനോനും

പ്രൗഢ സ്വാതന്ത്ര്യസമര സേനാനിയും വക്കീലുമായ എംപി ഗോവിന്ദമേനോനോട് വലിയ ആദരവും ബഹുമാനവുമായിരുന്നു. കെപി തങ്ങൾക്ക് "കുട്ടി" എന്നാണ് തങ്ങളെ എംപി സ്നേഹത്തോടെ വിളിച്ചിരുന്നത്. എന്നാൽ പട്ടാമ്പി കോടതിയിൽ ഉള്ള ഒരു കേസിൽ കെപി തങ്ങളുടെ എതിർ കക്ഷികൾക്ക് വേണ്ടി ഹാജരായ എംപി ഗോവിന്ദമേനോൻ കെപി തങ്ങളെ വിചാരണ ചെയ്യുകയായിരുന്നു. കെപി തങ്ങളെ വിചാരണചെയ്തിട്ട് കാര്യമില്ല ഒന്നും കണ്ടുകിട്ടുകയില്ല എന്ന് എംപി തന്റെ കക്ഷികളോട് പറഞ്ഞിരുന്നു. എന്നാൽ ഞാൻ ഒന്ന് പ്രകോപിപ്പിച്ച് നോക്കിയാൽ ചിലപ്പോൾ ചിലത് കിട്ടും എന്ന് എംപിയുടെ തന്ത്രത്തിന്റെയും തന്റെ കക്ഷികളോടുള്ള ആത്മാർത്ഥതയുള്ളതിനാലും കെപി തങ്ങളെ പ്രകോപിപ്പിക്കുന്ന ചില ചോദ്യങ്ങൾ എംപി ചോദിച്ചു. ക്ഷുഭിതനായ തങ്ങൾ വിചാരണ പൂർത്തിയായ ഉടനെ കോടതിയിൽ നിന്ന് ഇറങ്ങി. എംപിക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസിനാവശ്യമില്ലാത്ത ചോദ്യങ്ങൾ തന്നെ മനഃപൂർവ്വം അപമാനിക്കാൻ വേണ്ടിയാണ് ഗോവിന്ദമേനോൻ ചോദിച്ചതെന്നും ഇത് വക്കീലിന്റെ ധർമ്മത്തിന് ചേർന്നതല്ലെന്നും ഇത് തനിക്ക് മാനഹാനി ഉണ്ടാക്കുന്നതാണെന്നും സന്നത് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കണമെന്നും കേസിന് ആസ്പദമായ ഈ സംഭവങ്ങൾക്ക് ഈ കോടതി സാക്ഷിയാണെന്നും പറഞ്ഞ് പട്ടാമ്പി മജസ്റ്റിക് തിയേറ്റർ എം. ഗോപിനാഥൻ വക്കീൽ മുഖേന കേസ് ഫയൽ ചെയ്തു. ഇത് വലിയ വിവാദമായി. എല്ലാവരും ബഹുമാനിക്കുന്ന എംപിയുടെ പേരിൽ കേസ് വന്നിരിക്കുന്നു. അതും വക്കീൽ എന്ന നിലയിലുള്ള കൃത്യനിർവ്വഹണത്തെ ചോദ്യം ചെയ്തുകൊണ്ട്. കോടതിക്കൂട്ടിൽ കയറ്റി വിസ്തരിക്കുമ്പോൾ ചോദി ക്കുന്ന ചോദ്യങ്ങൾ ശരിയല്ലെന്നും നടപടി സ്വീകരിക്കണമെന്നുമുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ കേസ് ഇത് വക്കീലൻമാരുടെ തൊഴിലിനെ ബാധിക്കുമെന്നും ഇത് നാളെ ഒരു വക്കീലിനും വിസ്താര സമയത്ത് ചോദ്യങ്ങൾ ചോദിക്കുന്നതിന് പരിമിതിവരുമെന്നും യാതൊരു കാരണവശാലും ഇങ്ങനെ ഒരു കീഴ്വഴക്കം സൃഷ്ടിക്കാൻ പാടില്ലെന്ന് ബാർ കൗൺസിലുകൾ ചർച്ചചെയ്തു. ആദ്യം പട്ടാമ്പി ബാർ കൗൺസിലും, പിന്നീട് കേരള ഹൈക്കോടതി ബാർ കൗൺസിലും. ഈ കേസിൽ ആരും ഹാജരാവരു തെന്നും തീരുമാനിച്ചു. കേരളത്തിലെ നിയമവൃത്തങ്ങൾ ചർച്ച ചെയ്ത ഈ കേസിൽ, കേസ് നൽകിയ കെപി തങ്ങളുടെ വക്കീലായ ഗോപിനാഥൻ വക്കീലിനുൾപ്പെടെ ആർക്കും ഹാജരാവാൻ കഴിയാത്ത സാഹചര്യം സംജാതമായി. കെപി തങ്ങൾക്ക് ഇത് അഭിമാനപ്രശ്നമായി. കേസ് വിളിക്കുന്ന ദിവസം ആളുകൾ ആകാംക്ഷയോടെ കാത്തിരുന്നു. എന്തും സംഭവിക്കും എന്ന ആകാംക്ഷ. കേസ് വിളിച്ചു. കോടതി മുഴുവൻ ആളുകൾ നിറഞ്ഞു നിൽക്കുന്നു. അതാ കെപി തങ്ങൾക്ക് വേണ്ടി ജസ്റ്റിസ് രാമയ്യർ ഹാജരാവുന്നു. രാമയ്യർ ഹാജരായപ്പോൾ മജിസ്ട്രേറ്റ് എഴുന്നേറ്റ് നിന്ന് അദ്ദേഹം ഇരുന്നതിന് ശേഷം ഇരിക്കുന്നു. ഹൈക്കോടതി ജഡ്ജിയാണ് വിരമിച്ച അദ്ദേഹം വിശ്രമജീവിതം നയിക്കുകയായി രുന്നു. അദ്ദേഹത്തിന് ബാർ കൗൺസിലിന്റെ വിലക്ക് ബാധകമല്ലായിരുന്നു. കേരളത്തിലും, ഇന്ത്യയിലും അതിപ്രശസ്തനായ സുപ്രീം കോടതി ജഡ്ജിയും ഇഎംഎസ് മന്ത്രിസഭയിൽ ആദ്യത്തെ നിയമ മന്ത്രിയുമായ ജസ്റ്റിസ് കൃഷ്ണയ്യരുടെ പിതാവായിരുന്ന ജസ്റ്റിസ് രാമയ്യർ ആദ്യത്തെ ഹിയറിംഗ് പൂർത്തിയാക്കിയ അദ്ദേഹം ഇരുകുട്ടരുടെയും അഭിമാനം സംരക്ഷിച്ചുകൊണ്ട് പട്ടാമ്പി ട്രാവലേഴ്സ് ബംഗ്ലാവിൽ വെച്ച് അന്ന് വൈകുന്നേരം തന്നെ ഈ പ്രശ്നത്തിൽ മദ്ധ്യസ്ഥത വഹിച്ചു. പ്രശ്നം രമ്യമായി പരിഹരിച്ചു. കെപി തങ്ങൾ അന്തരിച്ചപ്പോൾ ശ്രീ. എംപി പറഞ്ഞത് ആ കുട്ടി ഒരു "ആറ്റമിക് എനർജി" ആയിരുന്നു എന്നാണ്.

അവലംബം : അഡ്വ. കെ.എംസി കുറുപ്പ്, ഒറ്റപ്പാലം
: സിഎംബി മുഹമ്മദ് കുട്ടി, പട്ടാമ്പി.

പഞ്ചായത്ത് പ്രസിഡന്റായ 10 വർഷം
പട്ടാമ്പിയുടെ വികസനത്തിന്റെ പൂക്കാലം

പഞ്ചായത്തിലെ പ്രധാന ഇടവഴികളെല്ലാം റോഡാക്കിമാറ്റി. പ്രധാനമായി നാല് റോഡുകൾ നല്ല വീതിയിൽ തന്നെ നിർമ്മിച്ചു. ആളുകൾ ഒരിഞ്ച് സ്ഥലം സൗജന്യമായി കൊടുക്കാത്തതു കൊണ്ട് തങ്ങളുടെ

നിർബന്ധപൂർവ്വമായ ആവശ്യത്തിന് മുന്നിൽ മനസ്സോടെയും മനസ്സില്ലാമനസ്സോടെയും ഒരുപാട് ആളുകൾ സ്ഥലം നൽകി. റോഡിന് ഇന്ദ്ര വീതി വേണോ എന്ന് സ്ഥലം നൽകിയവർക്ക് സംശയം പോലുമുണ്ടായി. കോഴിക്കുന്ന് റോഡ് (ഇന്നത്തെ എംഇഎസ് റോഡ്) കൊളപ്പുറം - തെക്കുംമുറി റോഡ്, ശങ്കരംഗലം കൊടലൂർ റോഡ് (ഇന്നത്തെ എംഎൽഎ റോഡ്) ഉമിക്കുന്ന് റോഡ് കിഴാമൂർ റോഡ് എന്നിവ ഇന്നും നഗരസഭയുടെ വലിയ വീതിയുള്ള റോഡുകളാണ്. 70 വർഷം മുൻപ് നിർമ്മിച്ച റോഡുകളാണ് എന്ന് ഓർക്കണം. ഇന്നും കുടിവെള്ളത്തിന് ആശ്രയിക്കുന്ന പല കിണറുകളും അന്ന് നിർമ്മിച്ചതാണ്. വൈദ്യുതി എത്താത്തയിനാൽ മണ്ണെണ്ണ റാന്തൽ വിളക്കുകൾ മരത്തിന്റെ കാലിൽ നാട്ടിയാണ് അന്നത്തെ സ്ട്രീറ്റ് ലൈറ്റുകൾ നിർമ്മിച്ചത്. അങ്ങാടിയിൽ മാത്രം പെട്രോൾമാക്സ് ലൈറ്റുകൾ സ്ഥാപിച്ചു. 70 വർഷങ്ങൾക്ക് മുമ്പ് പട്ടാമ്പിയിൽ വലിയ മത്സ്യ-മാംസമാർക്കറ്റ് നിർമ്മിച്ചു. രാത്രി ആയാൽ ചീത്ത മത്സ്യങ്ങൾ കൊട്ടയോടുകൂടി കൊണ്ടുപോയി തെങ്ങിൻ ചുവട്ടിലും മറ്റു കൃഷികൾക്കും വളമായി കൊടുക്കും. യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ല. ആടുമാടുകളെ അറുക്കുന്നതിന് മുമ്പ് മൃഗഡോക്ടർ പരിശോധിച്ച് സീൽ വെച്ചവ മാത്രമേ അറുക്കാനും വിൽക്കാനും അനുവദിക്കാറുള്ളൂ. 70 വർഷങ്ങൾക്കു മുമ്പുതന്നെ ഈ പ്രക്രിയ കർശനമായി പട്ടാമ്പി പഞ്ചായത്തിൽ നടപ്പിലാക്കിയിരുന്നു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലവിൽ വരുന്നതിന് മുമ്പ് റേഷനിംഗ് സംവിധാനം ധാന്യങ്ങൾ, തുണിത്തരങ്ങൾ എന്നിവക്ക് പഞ്ചായത്തിൽ ഏർപ്പെടുത്തിയിരുന്നു. കൃഷിയിലും തൽപരനായ കെപി തങ്ങൾ പശുവളർത്തൽ, ആട് വളർത്തൽ, എന്നിവയിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ഒന്നാം സമ്മാനം നേടിയിരുന്നു. കാർഷിക കായിക മത്സരമായ കാളപൂട്ട് മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനം നേടുകയും ചെയ്തിരുന്നു.

പട്ടാമ്പിയിൽ കോളറ പടർന്ന് പിടിച്ചപ്പോൾ

പട്ടാമ്പിയിൽ 1940 - 41ൽ അതിഭയാനകമായി കോളറ പടർന്ന് പിടിച്ചു. ഇന്നത്തെ പോലെ അന്ന് ശരിയായ മരുന്നോ സംവിധാനമോ ഉണ്ടായിരുന്നില്ല. ഏതാണ്ട് കോഴിക്കോട് കഴിഞ്ഞ വർഷം നിപ ഉണ്ടായപോലെ പട്ടാമ്പി അങ്ങാടി വിജനമായി. വീടുകളിൽ നിന്ന് ആളുകൾ പുറത്തേക്ക് ഇറങ്ങിയില്ല. കോളറയെ ആളുകൾ "തലമേൽതട്ടി" എന്നൊക്കെയാണ് പറഞ്ഞിരുന്നത്. വന്നാൽ മരണം സുനിശ്ചിതം. തൊട്ടടുത്ത വീട്ടിൽ മരണം സംഭവിച്ചാൽ പോലും സ്വന്തം വീട്ടിൽ നിന്ന് ഇറങ്ങാൻ ഭയക്കുന്ന അവസ്ഥ. മരണാനന്തര കർമ്മങ്ങൾ ചെയ്യാനോ, മൃതദേഹം സംസ്ക്കരിക്കാൻ കൊണ്ടുപോകാനോ ആരും തയ്യാറാവാത്ത അവസ്ഥ. ആരെങ്കിലും തയ്യാറായാൽ അവർ അടുത്ത ദിവസം മരിച്ചു വീഴുന്ന അതിഭയാനകമായ അവസ്ഥ. ഇത് പകർച്ചവ്യാധിയായി അംഗീകരിക്കാൻ പോലും തയ്യാറല്ലാത്ത കുറേ അന്ധ വിശ്വാസികൾ. അവർ ഇത് സാത്താന്റെ (പിശാച്) ഉപദ്രവമായി കണക്കാക്കി. എന്തായാലും വീടുകളിൽ പട്ടിണി, ജോലിക്ക് പോവാത്ത അവസ്ഥ. ഈ സമയത്ത് കെപി തങ്ങളുടെ നേതൃത്വത്തിൽ കുറച്ച് ചെറുപ്പക്കാർ സംഘം ചേർന്ന് പ്രാർത്ഥന ചൊല്ലി നാടുമുഴുവൻ നടക്കുകയും ജനങ്ങളുടെ ഭയം തീർക്കാൻ നല്ലൊരു പങ്ക് വഹിക്കുകയും ചെയ്തു. അന്ധവിശ്വാസികൾക്ക് മനോധൈര്യം വരുത്താൻ സാത്താനെ കുപ്പിയിലേക്ക് ആവാഹിച്ച് പാലക്കൊമ്പിലും ആൽമരത്തിലും കെട്ടി എല്ലാവരെ കൊണ്ടും പ്രാർത്ഥന ചൊല്ലിച്ച് കൊണ്ട് കുപ്പി തോക്ക് കൊണ്ട് കെപി തങ്ങൾ വെടിവെച്ച് പൊട്ടിക്കുന്ന പ്രവർത്തി വലിയ ആത്മവിശ്വാസമാണ് ജനങ്ങൾക്ക് നൽകിയത്. മരണാനന്തര കർമ്മങ്ങൾ ചെയ്യാൻ ആളുകളെ രംഗത്തിറക്കാനും നാടിന് വലിയ ആശ്വാസം പകരാനും ഇത്തരം നടപടികൾ വലിയ പങ്ക് വഹിച്ചു.

പട്ടാമ്പിയുടെ പുലി മാഹാത്മ്യം

1. രാമഗിരിക്കോട്ട

ഏകദേശം 70 വർഷം മുമ്പ് പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രം (കൃഷി ഫാം) സ്ഥിതി ചെയ്യുന്ന ഏക്കർ കണക്കിന് സ്ഥലം കാട് പിടിച്ച് കിടക്കുകയായിരുന്നു. മുക്കാൽ ഭാഗം പൊന്തക്കാടുകളായിരുന്നു. അവിടെ പല വന്യജീവികളുടെയും വാസ സ്ഥലമായിരുന്നു. കൃഷി ഫാമിന് വേണ്ടി ഈ പൊന്തക്കാടുകൾ വെട്ടിമാറ്റിയപ്പോൾ വന്യജീവികൾ അവിടെ നിന്ന് അപ്രത്യക്ഷമായി. കൂട്ടത്തിൽ പുലിയും

ഉണ്ടായിരുന്നു. പിന്നീട് പുലി പ്രത്യക്ഷപ്പെട്ടത് കൊടലൂർ പുറ്റക്കോട് ഭാഗത്തുള്ള രാമഗിരി കോട്ടക്കുന്ന് എന്ന് പറയപ്പെടുന്ന സ്ഥലത്താണ്. ഇന്നത്തെപോലെ വൈദ്യുതിയോ ആൾ താമസമോ അവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് പുലി ഇടക്കിടെ മറ്റു ജനവാസകേന്ദ്രങ്ങളിൽ വന്ന് ജനങ്ങളേയും വളർത്തു മൃഗങ്ങളേയും ആക്രമിക്കുവാൻ തുടങ്ങി. അവിടുത്തുകാർ പോലിസിലും മറ്റ് ഉന്നത കേന്ദ്രങ്ങളിലും പരാതി നൽകി. ഇന്നത്തെപോലെ വന്യജീവി സംരക്ഷണ നിയമമോ ഫോറസ്റ്റ് സംരക്ഷണമോ അന്ന് ഉണ്ടായിരുന്നില്ല. പോലീസ് സംഘം പല പ്രാവശ്യം പ്രദേശത്ത് അരിച്ചു പെറുക്കിയെങ്കിലും പുലിയെ കണ്ടെത്താനായില്ല. അതിനിടയിൽ പുലി ഒരു ആടിനെ കൊന്നു എന്ന വാർത്ത പരന്നു. ഭയവിഹ്വലരായ നാട്ടുകാർ കെ.പി തങ്ങളെ ചെന്ന് കണ്ട് സങ്കടമുണർത്തിച്ചു. അക്കാലത്ത് നാട്ടിലെന്തു പ്രശ്നമുണ്ടായാലും ജാതിമതഭേദമന്യേ എല്ലാവരും തങ്ങളെയാണ് സമീപിക്കുക. കോടതിയും പോലിസും ഇടപെടേണ്ട പലകാര്യങ്ങളും അദ്ദേഹം രമ്യമായി പരിഹരിച്ചിരുന്നു. തങ്ങളെ ചെന്ന് കണ്ട അവിടുത്തുകാർ പ്രായം ചെന്നവരായിരുന്നു. തങ്ങളുടെ കുടുംബവും പാരമ്പര്യവും നന്നായി അറിയുന്നവരായിരുന്നു. അവരെ അദ്ദേഹം ആശ്വസിപ്പിച്ച് പറഞ്ഞയച്ചു. പക്ഷേ ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ പുലിയെ വകവരുത്തുക തന്നെ വേണം. അല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല. തങ്ങൾ അതിനായുള്ള ഒരുക്കങ്ങൾ തുടങ്ങി. ആദ്യം സ്ഥലം പോയി സന്ദർശിച്ചു. അവിടുത്തെ ഭൂപ്രകൃതി, ഭൂമിയുടെ കിടപ്പ് ഇവയെല്ലാം വിശദമായി മനസ്സിലാക്കി. കുന്നിന്റെ ഒരു ഭാഗത്ത് നിറയെ ഉരുളൻ പാറകളായിരുന്നു. അതിന്റെ ഇടയിലൂടെ ഒലിച്ചിറങ്ങുന്ന നീരുറവകളും നീരുറവ അവസാനിക്കുന്ന സ്ഥലത്ത് വെള്ളം തളം കെട്ടിനിൽക്കുന്ന സ്ഥലമായതുകൊണ്ട് അതിന്റെ വാസകേന്ദ്രം ഈ ഭാഗത്തുള്ള ഏതോ മടയാണെന്ന് മനസ്സിലാക്കിയ അദ്ദേഹം തിരിച്ച് പോന്നു. പിന്നീട് പുലിവേട്ടക്കുള്ള തയ്യാറെടുപ്പ് തുടങ്ങി. തോക്ക്, ഹെഡ്ലൈറ്റ്, പുലി ആക്രമിക്കുകയാണെങ്കിൽ നേരിടാവുന്ന നാടൻ ആയുധങ്ങളും വിശ്വസ്തരായ 2 ആനുയായികളും ചേർന്ന് യാത്ര പുറപ്പെട്ടു. ഏതെങ്കിലും സാഹചര്യത്തിൽ തോക്ക് പൊട്ടിയില്ലെങ്കിൽ കഠാരി മാത്രം തങ്ങളെ ഏൽപ്പിച്ച് രക്ഷപ്പെടുകൊള്ളാനായിരുന്നു അവരോട് നിർദ്ദേശിച്ചിരുന്നത്.

രണ്ടുദിവസം പോയിട്ടും പുലിയെ കണ്ടെത്താനായില്ല. മൂന്നാമത്തെ ദിവസം പുലി വെള്ളം കുടിക്കാൻ വരാൻ സാധ്യതയുള്ള ഭാഗത്ത് പാറയുടെ മറവിൽ ഇരുന്നു. അർദ്ധരാത്രി കഴിഞ്ഞ് കുന്നിന്റെ മുകളിൽ പാറയുടെ മുകളിലായി തിളങ്ങുന്ന രണ്ട് കണ്ണുകൾ പ്രത്യക്ഷപ്പെട്ടു. പുലിയാണെന്ന് മനസ്സിലാക്കിയ തങ്ങൾ ഉടനെ ഹെഡ്ലൈറ്റിടുകയും വെടിവെക്കുകയും ചെയ്തു. ആദ്യ വെടികൊണ്ട പുലി മുന്നോട്ടുചാടി. ഉടനെ രണ്ടാമത്തെ വെടിയും. അതിൽ പുലി നിലം പതിച്ചു. അപ്പോഴേക്കും കൂടെയുണ്ടായിരുന്ന അനുയായികൾ പ്രാണരക്ഷാർത്ഥം ഓടി അടുത്തുള്ള മരത്തിൽ കയറിയിരുന്നു. തങ്ങൾ പുലിയുടെ അടുത്ത് ചെന്ന് മൂന്നാമത്തെ വെടിയും വെച്ചു. ജീവൻ പോയി എന്ന് ഉറപ്പായതിനു ശേഷമാണ് സഹായികൾ മരത്തിൽ നിന്നും താഴെ ഇറങ്ങിയത്. കെ.പി തങ്ങളുടെ ഉന്നം പിഴച്ചാൽ അപകടം സംഭവിക്കുമെന്ന കാര്യം തീർച്ച എന്നാൽ തങ്ങളുടെ ധൈര്യം കൊണ്ടും, സൂക്ഷ്മത കൊണ്ടും വാസ, ഉപ്പുഷമാരുടെ മഹത്വം കൊണ്ടും ഉന്നം പിഴച്ചില്ല. അർദ്ധ രാത്രിയിൽ വെടിയുടെ ശബ്ദം കേട്ട നാട്ടുകാർ റാന്തൽ വിളക്ക്, ടോർച്ച് എന്നിവയുമായി ഓടിക്കൂടി നോക്കുമ്പോൾ ജീവൻ പോയി കിടക്കുന്ന പുലിയെയും തോക്ക് കയ്യിലേന്തി നിൽക്കുന്ന തങ്ങളേയുമാണ് കണ്ടത്. അവർ ആഹ്ലാദരഭരിതരായി തുള്ളിച്ചാടി. ഇത് എഴുതുന്ന പുവ്വത്തിങ്കൽ അഹമ്മദുകുട്ടി എന്ന എനിക്ക് അന്ന് പത്തോ പന്ത്രണ്ടോ വയസ്സുവരും. ദൃക്സാക്ഷി വിവരങ്ങൾ ശേഖരിച്ചത് പട്ടാമ്പിയിലും കൊടലൂരുമുള്ള ചില വ്യക്തികളിൽ നിന്നും കെ.പി തങ്ങളുടെ സഹപ്രവർത്തകരായവരിൽ നിന്നുമാണ്.

പുലിയെ വലിയ മുളയിൽ കാലുകൾ ചേർത്ത് കെട്ടി തല കീഴാക്കി തൂക്കിക്കൊണ്ട് വമ്പിച്ച ജനാവലിയുടെ അകമ്പടിയോടെ വാദ്യമേളങ്ങളോടെ തങ്ങളുടെ തറവാട് മുറ്റത്ത് കൊണ്ട് വന്നിട്ട കാഴ്ച്ച ഇന്നും ഭീതിയോടെയും അത്ഭുതത്തോടെയുമാണ് പഴമക്കാർ ഓർക്കുന്നത്. രാഷ്ട്രിയ രംഗത്ത് ദീർഘകാലം ജനങ്ങൾക്ക് വേണ്ടി സേവനമനുഷ്ഠിച്ച സാഹസികനും ധീരനുമായ കെ.പി തങ്ങളുടെ പാവന സ്മരണക്കു മുന്നിൽ ഈ ലഘുലേഖ സമർപ്പിക്കുന്നു.

Acc. No. 14-3887
Manjeri Heritage Library

എന്ന്,
പുവ്വത്തിങ്കൽ അഹമ്മദ് കുട്ടി, പട്ടാമ്പി

ജനാബ്. കെ.പി. തങ്ങൾ, പട്ടാമ്പി



(01.10.1915 - 26.07.1969)